<u>മേലെഴുത്ത് നമ്പർ - DCETVM/155/2026-G1 തീയതി 27-01-2026</u>

2025 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക നിശ്ചിത സമയ പരിധിക്കുള്ളിൽ ഓൺലൈനായി സമർപ്പിക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത ജീവനക്കാർക്ക് ആയത് സ്പാർക്ക് സോഫ്റ്റ് വെയർ മുഖാന്തിരം ഓൺലൈനായി ഫയൽ ചെയ്യുന്നതിന് **(സർക്കുലർ തീയതി മുതൽ) പതിനഞ്ച് ദിവസത്തെ സമയം കൂടി അനുവദിച്ച്** കൊണ്ടുള്ള 23/01/2026 തീയതിയിലെ RuleB1/45/2025-PandARD നമ്പർ സർക്കുലർ ജീവനക്കാരെ അറിയിക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനുമായി ഇതോടൊപ്പം ലഭ്യമാക്കുന്നു.

ഉള്ളടക്കം : മേൽ പ്രസ്താവിതം

ഡോ.സുനിൽ ജോൺ. ജെ
അഡീഷണൽ ഡയറക്ടർ
(കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി)

Signed by
Sunil John J
Date: 27-01-2026 16:29:01

പകർപ്പ് :

1) വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന മേധാവികൾക്കും
2) സിസ്റ്റം മാനേജർക്ക് (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

"ഭരണഭാഷ - മാതൃഭാഷ"

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ് ബി) വകുപ്പ്

നം. RuleB1/45/2025-PandARD

തിരുവനന്തപുരം,

തീയതി: 23-01-2026

<u>സർക്കുലർ</u>

വിഷയം:- പി & എആർഡി - 2025 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക ഫയൽ ചെയ്യാത്ത ജീവനക്കാർക്ക് SPARK മുഖാന്തിരം ഫയൽ ചെയ്യുന്നതിന് സമയം ദീർഘിപ്പിച്ചു നൽകുന്നത് -സംബന്ധിച്ച്.

സൂചന:- 22.12.2025 ലെ Rule B1/45/2025-PandARD നമ്പർ സർക്കുലർ.

**********************

1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 37, 39 എന്നിവ പ്രകാരം പാർട്ട് ടൈം ജീവനക്കാരൊഴികെയുള്ള എല്ലാ സർക്കാർ ജീവനക്കാരും 2025 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക SPARK സോഫ്റ്റ്‌വെയർ മുഖാന്തിരം ഓൺലൈനായി 2025 ജനുവരി 15 നകം ഫയൽ ചെയ്യുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ സാങ്കേതിക കാരണങ്ങളാൽ SPARK സോഫ്റ്റ് വെയർ മുഖേന സ്വത്ത് വിവര പത്രിക യഥാസമയം സമർപ്പിക്കുവാൻ സാധിച്ചിട്ടില്ലെന്നും ആയതിനാൽ സ്വത്ത് വിവര പത്രിക സമർപ്പിക്കുന്നതിനുള്ള സമയ പരിധി ദീർഘിപ്പിച്ചു നൽകണമെന്നും ജീവനക്കാർ ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 കലണ്ടർ വർഷത്തിലെ സ്വത്ത് വിവര പത്രിക ഇനിയും ഫയൽ ചെയ്യാത്ത ജീവനക്കാർക്ക് ആയത് SPARK സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി ഫയൽ ചെയ്യുന്നതിന് **<u>ഈ സർക്കുലർ തീയതി മുതൽ 15 ദിവസത്തെ സമയം കൂടി അനുവദിച്ചു നൽകുന്നു.</u>** ഈ സർക്കുലർ പ്രകാരമുള്ള സമയപരിധിയ്ക്ക് ശേഷം 2025 വർഷത്തെ സ്വത്ത് വിവര പത്രിക സമർപ്പിക്കുന്നതിന് ഇനി സമയം ദീർഘിപ്പിച്ചു നൽകുന്നതല്ല.

3) ജീവനക്കാർക്ക് SPARK സോഫ്റ്റ്‌വെയർ മുഖാന്തിരം സ്വത്ത് വിവര പത്രിക ഓൺലൈനായി സമർപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ധനകാര്യ (ITSF) വകുപ്പ് നടത്തേണ്ടതാണ്.

ലീന എ

അഡിഷണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്കും

എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,

എല്ലാ സെക്ഷനുകൾക്കും.

ധനകാര്യ (ITSF) വകുപ്പ് (SPARK സോഫ്റ്റ് വെയർ മുഖാന്തരം ഓൺലൈൻ സമർപ്പണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിന്)

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ

ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് (www.pard.kerala.gov.in ) എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sivakumar. G

Date: 23-01-2026 12:07:35

സെക്ഷൻ ഓഫീസർ